# YOUTH EXPRESS

DRAG YOUR FEELINGS HERE..



## എനിക്ക് പറയാനുള്ളത്...

യൂത്ത് എക്സ്പ്രസ്സിലേക്ക് ഏവർക്കും സ്വാഗതം ...
ഞാൻ അനൂപ് , അങ്ങിനെ ഓർക്കാൻ മാത്രം ഞാൻ ആരുമല്ല ആരും. അറിയപെടുന്ന എഴുത്തുകാരനോ സാഹിത്യകാരനോ പാട്ടുകരാണോ സാമൂഹിക പരിഷ്കർത്താവോ ചിന്തകണോ ഒന്നും. ഈ സമൂഹത്തിൽ എൻറെ ഈ വാക്കുകൾക്ക് എത്രമാത്രം പ്രസക്തിയുണ്ട് എന്ന് എനിക്കറിയില്ല അതുമല്ലെങ്കിൽ ശ്രദ്ധിക്കുമെന്നോ വായിക്കുമെന്നോ എനിക്കറിയില്ല . എൻറെ കാഴ്ചപ്പാടുകളും അപിപ്രയങ്ങളും എല്ലാം പറയാനുള്ള വേദിയായി ഞാൻ ഈ ബ്ലോഗ് ഉപയോകപെടുത്തുന്നു.

## വിശ്വവിദ്യാലയം പുനർജനിക്കുമ്പോൾ...

09/04/2013 2 Comments





ഒക്സ്ഫോർഡും കേംബ്രിഡ്ജും സ്ഥാപിക്കുന്നതിനും വളരെ മുൻപ് ഭാരതത്തിലൊരു വിശ്വവിദ്യാലയമുണ്ടായിരുന്നു. നളന്ദ. അറിവിന്റെ അക്ഷയഖനി തേടിയെത്തിയവരുടെ അഭയസ്ഥാനം.. ഏഷ്യയുടെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യം ലോകത്തിന് മുൻപിലെത്തിച്ച മഹാസ്ഥാപനം. കാലപ്രവാഹത്തിൽ മണ്ണടിഞ്ഞ ഈ വിശ്വവിദ്യാലത്തിന്റെ ആത്മാവും പാരമ്പര്യവും പുനർജനിക്കുകയാണ്...

**നളന്ദയുടെ ചരിത്രവീഥികൾ ...**

ബീഹാറിന്റെ തലസ്ഥാനമായ പട്നയിൽനിന്നും 88 കിലോമീറ്റർ അകലെയായിരുന്നു നളന്ദ സ്ഥിതിചെയ്തിരുന്നത്. ഗുപ്തസാമ്രാജ്യത്തിന്റെ കീഴിൽ അഞ്ചാംനൂറ്റാണ്ടിലാണ് നളന്ദ സർവ്വകലാശാല രൂപീകൃതമാകുന്നത്. കുമാരഗുപ്തനാണ് സർവകലാശാല പണികഴിപ്പിക്കുന്നതിന് നേതൃത്വം നൽകിയതെന്ന് ചരിത്രരേഖകൾ പറയുന്നു. പതിനായിരക്കണക്കിന് ആളുകൾ ഇവിടെ പഠനം നടത്തിയിരുന്നു, ഏകദേശം രണ്ടായിരത്തിലധികം പണ്ഡിതന്മാരും ഇവിടെ അറിവ് പകർന്നുകൊടുതിരുന്നു. ഭരതത്തിലുപരി അറബ്, ചൈന, പേർഷ്യ, തിബറ്റ്, തുർക്കി തുടങ്ങീ വിദേശ രാജ്യങ്ങളിൽനിന്നുള്ള നിരവധി പേർ അറിവിന്റെ ഈ മഹാകേദാരത്തിൽ ഭിക്ഷാംദേഹികളായി അഭയംതേടി എത്തിയിരുന്നു. വിവിധ രാജവംശങ്ങളുടെ ആരംഭത്തിനും തകർച്ചക്കും സാക്ഷിയായി നളന്ദ നിലകൊണ്ടു. 427 മുതൽ 1197 വരെ ഏതാണ്ട് 800 വർഷക്കാലം ഈ സർവകലാശാല തലയെടുപ്പോടെ നിലനിന്നു. പകരംവക്കാനില്ലാത്ത മൂല്ല്യങ്ങളോടെ.

90 കിലോമീറ്റർ ചുറ്റളവിൽ പടർന്നു പന്തലിച്ചു നിൽക്കുന്ന ഈ വിശ്വവിദ്യാലയത്തിന്റെ നിർമിതി

## Archives

September 2013
August 2013

RSS Feed

RSS Feed

ആരെയും അത്ഭുതപ്പെടുത്തുന്നതായിരുന്നു. എട്ട് വലിയ ഭാഗങ്ങളായിട്ടാണ് ഈ വിശ്വവിദ്യാലയം നിനനിന്നിരുന്നത്. ക്ഷേത്രങ്ങൾ, പഠനമുറികൾ, പ്രാർഥനാമുറികൾ, കുളങ്ങൾ, വിശ്രമസ്ഥലങ്ങൾ, വലിയ ലൈബ്രറി എന്നിവ നളന്ദയുടെ ഭാഗമായി നിലകൊണ്ടു. പതിനായിരക്കണക്കിനു പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ഒൻപത് നിലകളുള്ള ഗ്രന്ഥശാല “ധർമഗഞ്ച്” നളന്ദയുടെ ഏറ്റവുംവലിയ പ്രത്യേകതകളിൽ ഒന്നായിരുന്നു.

പന്ത്രണ്ടുവർഷത്തെ പാഠ്യപദ്ധതിയായിരുന്നു നളന്ദയിലേത്. ജപ്പാൻ, കൊറിയ, ചൈന, ഇൻഡോനീഷ്യ, ടിബറ്റ്, പേർഷ്യ, തുർക്കി എന്നീ രാഷ്ട്രങ്ങളിൽനിന്നും വിദ്യാർത്ഥികൾ ഇവിടെയെത്തിയിരുന്നു എന്നറിയുമ്പോഴാണ് നളന്ദയുടെ പ്രാധാന്യം മനസിലാവുക. ബുദ്ധമതവും അതിലെ പ്രധാന തത്വസംഹിതകളുമായിരുന്നു പ്രധാന പാഠ്യവിഷയങ്ങൾ. എന്നാൽ അധ്യയനം ബുദ്ധമതത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നായിരുന്നില്ല. വൈദ്യശാസ്ത്രം, ഗണിതം, ജ്യോതിശാസ്ത്രം, രാഷ്ട്രമീമാംസ എന്നുതുടങ്ങി യുദ്ധതന്ത്രങ്ങളെക്കുറിച്ചുവരെ ഇവിടെ പഠനം നടന്നിരുന്നു. ഗുപ്തരാജാക്കന്മാരുടെ ഭരണകാലത്താണ് നളന്ദ അതിപ്രശസ്തിയിലെത്തിയത്. ബുദ്ധമതത്തിന്റെ സ്വാധീനംതന്നെയായിരുന്നു ഇതിന് പ്രധാന കാരണം. ബൌദ്ധ ധർമ്മത്തെക്കുറിച്ച് പഠിക്കാനായിട്ടാണ് ആളുകൾ പ്രധാനമായും വിദേശത്തുനിന്നും നളന്ദയിലെത്തിയതെന്ന് ചരിത്രകാരന്മാർ രേഖപെടുത്തിയിട്ടുണ്ട്. അശോകനും ഹർഷവാർധനും നളന്ദ സർവകലാശാല പ്രശസ്തിയിലെത്തിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചവരായിരുന്നു.

വിവിധ വിഷയങ്ങളിൽ നൈപുണ്യം നേടിയവരായിരുന്നു നളന്ദയിലെ പണ്ഡിതൻമാർ. അവരുടെ അറിവുകളെല്ലാം വിദ്യാർഥികൾക്ക് പകർന്നുനൽകുകയും ചെയ്തിരുന്നു. ചരിത്രത്തിൽ ഈ സർവകലാശാലയുടെ പണ്ഡിതന്മാരുടെ അറിവിനെക്കുറിച്ച് പ്രത്യേഗം പരാമർശിക്കുന്നുണ്ട്. ശീലഭദ്ര, ധർമ്മപാല, ചന്ദ്രപാല, ഗുണമതി, ജ്ഞ്യാൻചന്ദ്ര എന്നിവരായിരുന്നു ഇവരിൽ പ്രധാനികൾ. ബുദ്ധമത ചിന്തകനും ആയുർവ്വേദാചര്യനുമായ നാഗാർജ്ജുനും നളന്ദയിലുണ്ടായിരുന്നു.

പ്രമുഖ ചരിത്രകാരന്മാർ പലരും നളന്ദയെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. ചൈനീസ് സഞ്ചാരികളായിരുന്ന ഹുയാൻസാങ്ങും യി ജിങ്ങും ഇവരിൽ പ്രമുഖരാണ്. എഴാം നൂറ്റാണ്ടിൽ നളന്ദ സന്ദർശിച്ച ഇവർ ഇവിടുത്തെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് വളരെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. അറിവിന്റെ കൊടുക്കൽ-വാങ്ങലുകളായിരുന്നു നളന്ദയിൽ നടന്നിരുന്നത്. സംസ്കൃതഭാഷയിലെ നിരവധി തത്വശാസ്ത്ര സംഹിതകൾ ചൈനീസ് ഭാഷയിലേക്ക് മൊഴിമാറ്റം ചെയ്യപ്പെടുകയുണ്ടായി. ആര്യഭട്ടനും ബ്രഹ്മഗുപ്തനും വരാഹമിഹിരനും നടത്തിയ പഠനങ്ങൾ മറ്റു ഭാഷകളിലും വെളിച്ചം കണ്ടു. നളന്ദയുടെ പ്രാധാന്യം വ്യക്തമാക്കുന്ന പല രേഖകളും വൈദേശിക ആക്രമണങ്ങളിൽ നശിപ്പിക്കപ്പെടുകയായിരുന്നു.

കുത്ബുദ്ധീൻ ഐബക്കിന്റെ സൈന്യാധിപനായ ബക്തിയാർ ഖിൽജിയുടെ പടയോട്ടത്തിലാണ് നളന്ദയുടെ പതനം ആരംഭിച്ചത്. അഫ്ഗാനിസ്ഥാനിലും ഡൽഹിയിലും ആക്രമണം നടത്തിയതിനുശേഷമായിരുന്നു ഖിൽജി നളന്ദയെ ലക്ഷ്യമിട്ടത്. ഒടുവിൽ തകർന്നടിഞ്ഞ കെട്ടിടങ്ങളും കരിങ്കൽസ്തൂപങ്ങളും മാത്രം ബാക്കിയായി. ആയിക്കണക്കിനു പുസ്തകങ്ങളുണ്ടായിരുന്ന ഗ്രന്ഥശാല തീയിട്ടുകയും ചെയ്തു. എന്നാൽ ഇന്നും അവശേഷിക്കുന്ന ആ ഗ്രന്ഥശാലയുടെ പുസ്തകങ്ങൾക്ക് പകരംവക്കാൻപോന്ന ഒരു സർവകലാശാലയും ലോകത്തില്ലെന്ന് പറയപ്പെടുന്നു. അത്രക്കും സമ്പന്നമായിരുന്നു നളന്ദ. ആക്രമണത്തിനുശേഷം നൂറുവർഷംകൂടി നിലനിന്നുവെങ്കിലും നളന്ദ അനിവാര്യമായ തകർച്ചയിലേക്ക് കൂപ്പുകുത്തി. ഗുപ്തന്മാർക്ക്ശേഷം അധികാരത്തിലെത്തിയവർക്ക് ബുദ്ധമതത്തോടുള്ള താൽപ്പര്യം കുറഞ്ഞതും യൂറോപ്യൻ യൂണിവേഴ്സിറ്റികളുടെ ഉദയവും നളന്ദയുടെ തകർച്ചക്ക് മറ്റുകാരണങ്ങളായി.

**പുനർജനിക്കുന്നു...**

2009 ഒക്ടോബറിൽ തായ് ലന്റിൽ നടന്ന കിഴക്കനേഷ്യൻ രാജ്യങ്ങളുടെ ഉച്ചകോടിയിലാണ് നളന്ദയുടെ പ്രശസ്തി തിരിച്ചുപിടിക്കാനുള്ള നീക്കമാരഭിക്കുന്നത്. സർവകലാശാലയെ ആഗോളപഠനകേന്ദ്രമായി ഉയർത്തുകയാണ് ലക്ഷ്യം. ഏഷ്യൻ രാജ്യങ്ങൾക്കുപുറമേ ന്യൂസിലാന്റ്, ആസ്ത്രേലിയ എന്നിവരും ഈ ബൃഹദ്പദ്ധതിയിൽ പങ്കാളികളാകാൻ താൽപ്പര്യവുമായെത്തിയിട്ടുണ്ട്. അറിവ് സമ്പാദനത്തിന് രാഷ്ട്രമോ ഭാഷയോ തടസമാകരുതെന്ന

ഉറച്ചതീരുമാനമാണ് ഈ ഒത്തുചേരലിൽ പ്രതിഫലിച്ചത്. 2010ൽ നളന്ദ യൂണിവേഴ്സിറ്റി ബിൽ പാർലമെന്റ് അംഗീകരിച്ചതോടെ നടപടികൾ കൂടുതൽ വേഗത്തിലായി. 1000 ഏക്കർ വിസ്തൃതിയിലാണ് പുതിയ നളന്ദ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഏതാണ്ട് 1005 കോടിരൂപയാണ് സർവകലാശാലയുടെ നവീകരണപ്രവർത്തനങ്ങൾക്ക് വേണ്ടിവരിക.
പുനരുദ്ധാരണപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനായി പ്രമുഖ സാമ്പത്തികശാസ്ത്രജ്ഞൻ പ്രൊഫ. അമർത്യാസെന്നിന്റെ മേൽനോട്ടത്തിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഡോ. ഗോപാ സബർവാളിനെയാണ് നളന്ദ ഇന്റർനാഷണൽ യൂനിവേഴ്സിറ്റിയുടെ വൈസ് ചാൻസിലർ ആയി നിയമിച്ചിരിക്കുന്നത്.

ബൌധപഠനം, ഫിലോസഫി, ചരിത്ര പഠനം, ഇന്റർനാഷണൽ റിലേഷൻസ്, ബിസിനസ്സ് മാനേജ്മെന്റ് പരിസ്ഥിതി പഠനം തുടങ്ങീ അതിവിശാലമായ മേഖലകളിൽ പഠന-ഗവേഷണങ്ങൾ നടത്താൻ നളന്ദ അവസരമൊരുക്കും.വിവിധ സംസ്കാരങ്ങൾ തമ്മിൽ കൈകോർക്കാനും അതുവഴി അറിവിന്റെ അതിരില്ലാത്ത പുതിയൊരു ലോകം സൃഷ്ട്ടിക്കാനും പുതിയ നളന്ദയിലൂടെ കഴിയട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.

( കടപ്പാട് - ഹരിശ്രീ )



Nalanda University


New plan for Nalanda International University








Tweet 0 Like 4

### Comments

**sreehari** 09/04/2013 8:58am

Nala presentation ini ith noko http://purpleglide.blogspot.in/

**Reply**

**youthbuz** 09/04/2013 9:19am

താങ്ക്സ് ...

**Reply**

## Leave a Reply

**Name (required)**

**Email (not published)**

pv.anoop4ever@gmail.com

**Website**

**Comments**

☐ Notify me of new comments to this post by email

Logged in as **pv.anoop4ever@gmail.com** Logout?

**Submit**

Create a free website with